പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.T 153 | 14.08.2017 -ൽ മറുപടിയ്ക്ക്

നെല്ലിന്റെ സംഭരണവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.പി.ജെ.ജോസഫ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെല്ലിന്റെ സംഭരണവില ലഭിക്കാത്തതിനാൽ കർഷകർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) ഉണ്ട്. സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും ഉൾപ്പെടെ 193 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ടായിരുന്നു. ഈ തുക 05.08.17 മുതൽ പി.ആർ.എസ്. ലോൺ വഴി നൽകി തുടങ്ങിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തുകയിൽ എന്നുവരെയുള്ളത് കർഷകർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) കോട്ടയം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പാഡി പേയ്മെൻറ് ഓഫീസുകൾക്കു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് 15.05.17 വരെയും, ആലപ്പുഴ ജില്ലയിലെ പാഡി പേയ്മെൻറ് ഓഫീസിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് 05.06.17 വരെയും, തൃശ്ശൂർ ജില്ലയിലെ പാഡി പേയ്മെന്റ് ഓഫീസിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് 19.06.17 വരെയും നെല്ലിന്റെ സംഭരണ തുക നൽകിയിട്ടുണ്ട്. |
| (സി) വിലയിനത്തിൽ കർഷകർക്ക് നൽകാനുള്ള കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ടോ; | (സി) 178.1 കോടി രൂപ കേന്ദ്ര വിഹിതം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. കർഷകരുടെ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) നൽകാനുള്ള തുക അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) നെല്ല് സംഭരണ തുക അടിയന്തിരമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13.07.17 ലെ സ.ഉ(കൈ)നം.16/2017/ ഭ.പൊ.വി.വ. ഉത്തരവ് പ്രകാരം കർഷകർക്ക് പി.ആർ.എസ്. ലോൺ നൽകുന്നതിന് ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ച് അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് നെല്ലിന്റെ തുക 05.08.17 മുതൽ നൽകി തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ